പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4231      03.02.2014 -ലെ മറുപടിക്ക്.

## ക്ഷേമനിധി ആനുകൂല്യങ്ങളുടെ കുടിശ്ശിക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ ഓരോന്നിലും കുടിശ്ശികയായ ക്ഷേമനിധി ആനുകൂല്യങ്ങൾ പൂർണ്ണമായും ഉപഭോക്താക്കൾക്ക് നല്കുന്നതിന് വേണ്ടിവരുന്ന തുകയെ സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ക്ഷേമനിധി ബോർഡുകൾക്ക് കുടിശ്ശികയായ ആനുകൂല്യങ്ങളെ കുറിച്ചുള്ള വിവരം അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) ആനുകൂല്യങ്ങൾ നല്കുന്നതിൽ കുടിശ്ശിക വരുത്തിയ ക്ഷേമനിധി ബോർഡുകൾ ഏതൊക്കെയാണ് ; | (ബി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിൽ വരുന്ന കേരള ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബാർബർ ആന്റ് ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമ പദ്ധതി. |
| (സി) സർക്കാരിൽ നിന്നും അർഹമായ തുക ഇവയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ; | (സി) ഇല്ല. സർക്കാർ ഗ്രാന്റ് ഇനത്തിൽ ഇനിയും തുക ബോർഡുകൾക്ക് നല്കാനുണ്ട്. |
| (ഡി) സർക്കാർ കുടിശ്ശികയെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ ? | (ഡി) കുടിശ്ശികയെ സംബന്ധിച്ച വിശദാംശം അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| ക്ഷേമനിധി ബോർഡിന്റെ പേര് | ക്ഷേമപദ്ധതികൾ ഓരോന്നും കൊടുത്തു തീർക്കാനുള്ള കുടിശ്ശിക |
|---|---|
| കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 180,27,82,500/- |
| കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 75,000/- |
| കേരള ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതി | 1,90,000/- |
| കേരള ബാർബർ ആന്റ് ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതി | 5,86,000/- |
| കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 95,28,000/- |
| കേരള ഈറ്റ കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമ നിധി ബോർഡ് | 1,83,65,025/- |
| കാഷ്യു ആശ്വാസ ക്ഷേമനിധി ബോർഡ് | 6,06,000/- |

Deepa

സെക്ഷൻ ഓഫീസർ

അനുബന്ധം-2

| ക്ഷേമനിധി ബോർഡ് | സർക്കാർ നല്കേണ്ട കടിശ്ശിക |
|---|---|
| ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | അംശാദായ ഇനത്തിൽ 16,09,200/- രൂപ. |
| കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | അംശാദായ ഇനത്തിൽ 2,64,107/- രൂപ. |
| കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | അംശാദായ ഇനത്തിൽ 513.8 ലക്ഷം രൂപ. |
| കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | ഗ്രാന്റ് ഇനത്തിൽ 19,86,23,000/- രൂപ. |
| കേരള കൈ തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി | 2010-11 സാമ്പത്തിക വർഷം വരെ 62,44,636/- രൂപ. |
| കേരള ബാർബർ ആന്റ് ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതി | സർക്കാരിൽ നിന്നും 19,80,000/- രൂപ. |
| കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 8,95,81,500/- രൂപ. |

സെക്ഷൻ ഓഫീസർ